## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 541** **05-10-2021 - ൽ മറുപടിയ്ക്ക്**

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് സ്വകാര്യവൽക്കരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ ; ഇവയുടെ വിൽപ്പനക്ക് മുമ്പ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നോ; ഈ സ്ഥാപനങ്ങളിലെ സംസ്ഥാന സർക്കാരിന്റെ ആസ്തി (ഭൂമി നൽകിയതുൾപ്പെടെ) എത്രയാണ്; വിശദാംശങ്ങൾ നൽകാമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവല്ക്കരിക്കുന്നതുമൂലം സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയും പ്രസ്തുത സ്ഥാപനങ്ങളിൽ നേരിട്ടും പരോക്ഷമായും തൊഴിൽ ചെയ്തു വരുന്ന തൊഴിലാളികളെയും പ്രസ്തുത സ്ഥാപനങ്ങളെ ആശ്രയിച്ച വരുന്ന അനുബന്ധ വ്യവസായ സ്ഥാപനങ്ങളുടെ നിലനിൽപിനെയും സാരമായി ബാധിക്കുന്നതാണ്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, BHEL-EML, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം, BPCL, BEML എന്നീ സ്ഥാപനങ്ങൾ നിതി ആയോഗിന്റെ ശുപാർശ പ്രകാരം ഓഹരി വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനെതുടർന്ന് ഇവയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണം എന്ന് ആവശ്യപ്പെട്ട് നിരവധി തവണ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. നീതി ആയോഗിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതിന്റെ സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ ഭെൽ -ഇ എം എൽ എന്ന കേന്ദ്ര പൊതുമേഖല സ്ഥാപനം കേരള സർക്കാർ ഇതിനകം ഏറ്റെടുത്തു കൊണ്ട് മുഖ്യമന്ത്രി പ്രഖ്യാപനം നടത്തി. തുടർന്ന് കെൽ -ന്റെ സബ്സിഡിയറി യൂണിറ്റായി പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. 21.08.2020തീയതിയിലെ G.O(Rt)No. 690/2020/ID പ്രകാരം കിൻഫ്ര സമർപ്പിച്ച 271.5 കോടി രൂപയുടെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് റെസൊല്യൂഷൻ പ്ലാൻ NCLT |

കൊച്ചി ബഞ്ച് അംഗീകരിച്ചതിനെതുടർന്ന് HNL സർക്കാർ ഏറ്റെടുക്കുകയും തുടർന്ന് 23.04.2021 ലെ G.O.(Rt)468/2021/ID പ്രകാരം വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, മാനേജിംഗ് ഡയറക്ടർ കിൻഫ്ര, വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവർ അടങ്ങുന്ന ഒരു ഇടക്കാല ബോർഡ് രൂപീകരിക്കുകയുണ്ടായി. തുടർന്ന് 17.05.2021 ലെ G.O.(Rt)504/2021/ID പ്രകാരം ഒരു ടെക്നിക്കൽ കമ്മിറ്റിയും 18.06.2021 ലെ G.O.(Rt)571/2021/ID പ്രകാരം ഒരു സെർച്ച് കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി. തുടർന്ന് പുതുതായി രൂപീകരിച്ച 'Kerala Paper Products Limited' ന് ഒരു സ്പെഷ്യൽ ഓഫീസറെ തിരഞ്ഞെടുക്കുകയും 09.09.2021 ന് നിയമനം നൽകുകയും ചെയ്തു. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റിന്റെ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്രം തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റ് ഏറ്റെടുക്കുന്ന കാര്യം കേരളം പരിഗണിക്കുകയും G.O.(Ms)No: 52/2018/ID dated 20.07.2018 പ്രകാരം ബുക്ക് മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മൊത്ത ആസ്തി മൂല്യം ( Net Asset Value) 53.02 കോടി രൂപയായി കണക്കാക്കി സ്ഥാപനം ഏറ്റെടുക്കാൻ ഉത്തരവായി. ഇത് സംബന്ധിച്ച് പരസ്പര ചർച്ചയ്ക്ക് ശേഷം തയ്യാറാക്കിയ കരട് MoU കേന്ദ്ര കാബിനറ്റ് അംഗീകരിക്കുന്നതിനായി നൽകിയിട്ടും നാളിതുവരെ അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. അതിനിടെ പ്രസ്തുത സ്ഥാപനം നിലനില്ക്കുന്ന പാലക്കാട്ടെ ഭൂമിയുടെ വിലകൂടി Asset (ആസ്തി) ആയി കണക്കാക്കണം എന്ന നിലപാടാണ് കേന്ദ്ര തലത്തിൽ സ്വീകരിച്ചിരിക്കുന്നത്. കേരളം വ്യവസായ ആവശ്യത്തിനായി ഏറ്റെടുത്ത് സൗജന്യമായി നല്കിയ 123.12 ഏക്കർ ഭൂമിയുടെ വില കൂടി നൽകണമെന്ന കേന്ദ്ര ആവശ്യം ഇക്കാര്യത്തിലുള്ള പുരോഗതി മന്ദീഭവിപ്പിച്ചു. ഇത് സംബന്ധിച്ച് വിവിധ കത്തുകളിലൂടെ കേരളത്തിന്റെ സമീപനം ബോധ്യപ്പെടുത്തിയിരിക്കുകയാണ്. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്, പാലക്കാട് കേന്ദ്രസർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതാണ്. 2010 മേയ് മാസം മുതൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിന്റെ Rolling Stock Manufacturing Unit സ്ഥാപിക്കുന്നതിനായി 1000 ഏക്കർ ഭൂമി അനുവദിക്കണമെന്ന് കേന്ദ്രസർക്കാർ അഭ്യർത്ഥിച്ചതനുസരിച്ച് 374 ഏക്കർ ഭൂമി കുറഞ്ഞ നിരക്കിലുള്ള പാട്ടവ്യവസ്ഥയിൽ 'കിൻഫ്ര' മുഖാന്തിരം നൽകിയിട്ടുണ്ട്. ഇതിൽ 170 ഏക്കർ ഭൂമി അതിന്റെ വികസന പ്രവർത്തനങ്ങൾക്കായി

| | | | |
|---|---|---|---|
| | | | ഉപയോഗിച്ചുവരുന്നു. ആഗോള ടെൻഡറുകൾ വഴി ധാരാളം ഓർഡറുകൾ ലഭിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് BEML. ദേശീയ സുരക്ഷ കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലാ യൂണിറ്റായി നിലനിർത്തേണ്ടതുണ്ട്. അത്തരമൊരു ലാഭമൊരുക്കലിന്റെയും തന്ത്രപരമായി പ്രധാനപ്പെട്ട കമ്പനി ഷെയറുകളുടെയും ഓഹരികൾ വിറ്റഴിക്കരുതെന്ന നിരന്തരമായ ആവശ്യങ്ങൾ വിവിധ തലങ്ങളിൽ ഉയർന്ന സാഹചര്യം കണക്കിലെടുത്ത് 2016 ഒക്ടോബറിൽ, ഈ ദിശയിലേക്കുള്ള മുൻനീക്കം മുന്നോട്ട് പോയിട്ടില്ല. എങ്കിലും 05.01.2021 ൽ ബഹു. പ്രധാനമന്ത്രിക്ക് മുകളിൽ പറഞ്ഞ വസ്തുതകളും സാഹചര്യങ്ങളും ഓർമ്മപ്പെടുത്തി ഈ പൊതുമേഖലാ സ്ഥാപനം സ്വകാര്യവത്ക്കരി- ക്കരുതെന്ന് ആവശ്യപ്പെട്ട് ബഹു.മുഖ്യമന്ത്രി കത്ത് അയച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ കൊച്ചി റിഫൈനറി സ്വകാര്യവല്ക്കരിക്കാനുള്ള നീക്കത്തിൽ നിന്ന് പിന്മാറണമെന്നു ബഹു. മുഖ്യമന്ത്രിയുടെ 17.10.2019, 18.03.2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹു.പ്രധാനമന്ത്രിയോടും ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചി റിഫൈനെറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽ നിന്നും കേന്ദ്രസർക്കാർ അടിയന്തിരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (ബി) | ഇത്തരം സ്ഥാപനങ്ങളിലെ സംസ്ഥാന സർക്കാരിന്റെ ആസ്തി തിരികെ നൽകാനോ നഷ്ടപരിഹാരം നൽകാനോ കേന്ദ്ര സർക്കാർ തയ്യാറായിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവല്ക്കരിക്കുന്നതുമൂലം സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയും പ്രസ്തുത സ്ഥാപനങ്ങളിൽ നേരിട്ടും പരോക്ഷമായും തൊഴിൽ ചെയ്തു വരുന്ന തൊഴിലാളികളെയും പ്രസ്തുത സ്ഥാപനങ്ങളെ ആശ്രയിച്ച് വരുന്ന അനുബന്ധ വ്യവസായ |

സ്ഥാപനങ്ങളുടെ നിലനിൽപിനെയും സാരമായി ബാധിക്കുന്നതാണ്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, BHEL-EML, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം, BPCL, BEML എന്നീ സ്ഥാപനങ്ങൾ നിതി ആയോഗിന്റെ ശുപാർശ പ്രകാരം ഓഹരി വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനെതുടർന്ന് ഇവയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണം എന്ന് ആവശ്യപ്പെട്ട് നിരവധി തവണ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. നീതി ആയോഗിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതിന്റെ സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ ഭെൽ -ഇ എം എൽ എന്ന കേന്ദ്ര പൊതുമേഖല സ്ഥാപനം കേരള സർക്കാർ ഇതിനകം ഏറ്റെടുത്തു കൊണ്ട് മുഖ്യമന്ത്രി പ്രഖ്യാപനം നടത്തി. തുടർന്ന് കെൽ -ന്റെ സബ്സിഡിയറി യൂണിറ്റായി പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. 21.08.2020തീയതിയിലെ G.O(Rt)No. 690/2020/ID പ്രകാരം കിൻഫ്ര സമർപ്പിച്ച 271.5 കോടി രൂപയുടെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് റെസൊല്യൂഷൻ പ്ലാൻ NCLT കൊച്ചി ബഞ്ച് അംഗീകരിച്ചതിനെതുടർന്ന് HNL സർക്കാർ ഏറ്റെടുക്കുകയും തുടർന്ന് 23.04.2021 ലെ G.O.(Rt)468/2021/ID പ്രകാരം വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, മാനേജിംഗ് ഡയറക്ടർ കിൻഫ്ര, വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവർ അടങ്ങുന്ന ഒരു ഇടക്കാല ബോർഡ് രൂപീകരിക്കുകയുണ്ടായി. തുടർന്ന് 17.05.2021 ലെ G.O.(Rt)504/2021/ID പ്രകാരം ഒരു ടെക്നിക്കൽ കമ്മിറ്റിയും 18.06.2021 ലെ G.O.(Rt)571/2021/ID പ്രകാരം ഒരു സെർച്ച് കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി. തുടർന്ന് പുതുതായി രൂപീകരിച്ച 'Kerala Paper Products Limited' ന് ഒരു സ്പെഷ്യൽ ഓഫീസറെ തിരഞ്ഞെടുക്കുകയും 09.09.2021 ന് നിയമനം നൽകുകയും ചെയ്തു. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റിന്റെ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്രം തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റ് ഏറ്റെടുക്കുന്ന കാര്യം കേരളം പരിഗണിക്കുകയും G.O.(Ms)No: 52/2018/ID dated 20.07.2018 പ്രകാരം ബുക്ക് മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മൊത്ത ആസ്തി മൂല്യം ( Net Asset Value) 53.02 കോടി രൂപയായി കണക്കാക്കി സ്ഥാപനം ഏറ്റെടുക്കാൻ ഉത്തരവായി.

ഇത് സംബന്ധിച്ച് പരസ്പര ചർച്ചയ്ക്ക് ശേഷം തയ്യാറാക്കിയ കരട് MoU കേന്ദ്ര കാബിനറ്റ് അംഗീകരിക്കുന്നതിനായി നൽകിയിട്ടും നാളിതുവരെ അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. അതിനിടെ പ്രസ്തുത സ്ഥാപനം നിലനില്ക്കുന്ന പാലക്കാട്ടെ ഭൂമിയുടെ വിലകൂടി Asset (ആസ്തി) ആയി കണക്കാക്കണം എന്ന നിലപാടാണ് കേന്ദ്ര തലത്തിൽ സ്വീകരിച്ചിരിക്കുന്നത്. കേരളം വ്യവസായ ആവശ്യത്തിനായി ഏറ്റെടുത്ത് സൗജന്യമായി നല്കിയ 123.12 ഏക്കർ ഭൂമിയുടെ വില കൂടി നൽകണമെന്ന കേന്ദ്ര ആവശ്യം ഇക്കാര്യത്തിലുള്ള പുരോഗതി മന്ദീഭവിപ്പിച്ചു. ഇത് സംബന്ധിച്ച് വിവിധ കത്തുകളിലൂടെ കേരളത്തിന്റെ സമീപനം ബോധ്യപ്പെടുത്തിയിരിക്കുകയാണ്. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്, പാലക്കാട് കേന്ദ്രസർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതാണ്. 2010 മേയ് മാസം മുതൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിന്റെ Rolling Stock Manufacturing Unit സ്ഥാപിക്കുന്നതിനായി 1000 ഏക്കർ ഭൂമി അനുവദിക്കണമെന്ന് കേന്ദ്രസർക്കാർ അഭ്യർത്ഥിച്ചതനുസരിച്ച് 374 ഏക്കർ ഭൂമി കുറഞ്ഞ നിരക്കിലുള്ള പാട്ടവ്യവസ്ഥയിൽ 'കിൻഫ്ര' മുഖാന്തിരം നൽകിയിട്ടുണ്ട്. ഇതിൽ 170 ഏക്കർ ഭൂമി അതിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. ആഗോള ടെൻഡറുകൾ വഴി ധാരാളം ഓർഡറുകൾ ലഭിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് BEML. ദേശീയ സുരക്ഷ കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലാ യൂണിറ്റായി നിലനിർത്തേണ്ടതുണ്ട്. അത്തരമൊരു ലാഭമൊരുക്കലിന്റെയും തന്ത്രപരമായി പ്രധാനപ്പെട്ട കമ്പനി ഷെയറുകളുടെയും ഓഹരികൾ വിറ്റഴിക്കരുതെന്ന നിരന്തരമായ ആവശ്യങ്ങൾ വിവിധ തലങ്ങളിൽ ഉയർന്ന സാഹചര്യം കണക്കിലെടുത്ത് 2016 ഒക്ടോബറിൽ, ഈ ദിശയിലേക്കുള്ള മുൻനീക്കം മുന്നോട്ട് പോയിട്ടില്ല. എങ്കിലും 05.01.2021 ൽ ബഹു. പ്രധാനമന്ത്രിക്ക് മുകളിൽ പറഞ്ഞ വസ്തുതകളും സാഹചര്യങ്ങളും ഓർമ്മപ്പെടുത്തി ഈ പൊതുമേഖലാ സ്ഥാപനം സ്വകാര്യവത്ക്കരി- ക്കരുതെന്ന് ആവശ്യപ്പെട്ട് ബഹു.മുഖ്യമന്ത്രി കത്ത് അയച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ കൊച്ചി റിഫൈനറി സ്വകാര്യവല്ക്കരിക്കാനുള്ള നീക്കത്തിൽ

| | | | |
|---|---|---|---|
| | | | നിന്ന് പിന്മാറണമെന്ന ബഹു. മുഖ്യമന്ത്രിയുടെ 17.10.2019, 18.03.2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹു.പ്രധാനമന്ത്രിയോടും ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചി റിഫൈനെറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽ നിന്നും കേന്ദ്രസർക്കാർ അടിയന്തിരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത വിൽപ്പനയിലൂടെ എത്ര കോടി രൂപയുടെ ആസ്തിയാണ് സംസ്ഥാന സർക്കാരിന് നഷ്ടമായതെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവല്ക്കരിക്കുന്നതുമൂലം സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയും പ്രസ്തുത സ്ഥാപനങ്ങളിൽ നേരിട്ടും പരോക്ഷമായും തൊഴിൽ ചെയ്തു വരുന്ന തൊഴിലാളികളെയും പ്രസ്തുത സ്ഥാപനങ്ങളെ ആശ്രയിച്ച് വരുന്ന അനുബന്ധ വ്യവസായ സ്ഥാപനങ്ങളുടെ നിലനിൽപിനെയും സാരമായി ബാധിക്കുന്നതാണ്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, BHEL-EML, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം, BPCL, BEML എന്നീ സ്ഥാപനങ്ങൾ നിതി ആയോഗിന്റെ ശുപാർശ പ്രകാരം ഓഹരി വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനെതുടർന്ന് ഇവയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണം എന്ന് ആവശ്യപ്പെട്ട് നിരവധി തവണ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. നീതി ആയോഗിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതിന്റെ സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ ഭെൽ -ഇ എം എൽ എന്ന കേന്ദ്ര പൊതുമേഖല സ്ഥാപനം കേരള സർക്കാർ ഇതിനകം ഏറ്റെടുത്തു കൊണ്ട് മുഖ്യമന്ത്രി പ്രഖ്യാപനം നടത്തി. തുടർന്ന് കെൽ -ന്റെ സബ്സിഡിയറി യൂണിറ്റായി പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 21.08.2020തീയതിയിലെ G.O(Rt)No. 690/2020/ID പ്രകാരം കിൻഫ്ര |

സമർപ്പിച്ച 271.5 കോടി രൂപയുടെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് റെസൊല്യൂഷൻ പ്ലാൻ NCLT കൊച്ചി ബഞ്ച് അംഗീകരിച്ചതിനെതുടർന്ന് HNL സർക്കാർ ഏറ്റെടുക്കുകയും തുടർന്ന് 23.04.2021 ലെ G.O.(Rt)468/2021/ID പ്രകാരം വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, മാനേജിംഗ് ഡയറക്ടർ കിൻഫ്ര, വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവർ അടങ്ങുന്ന ഒരു ഇടക്കാല ബോർഡ് രൂപീകരിക്കുകയുണ്ടായി. തുടർന്ന് 17.05.2021 ലെ G.O.(Rt)504/2021/ID പ്രകാരം ഒരു ടെക്നിക്കൽ കമ്മിറ്റിയും 18.06.2021 ലെ G.O.(Rt)571/2021/ID പ്രകാരം ഒരു സെർച്ച് കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി. തുടർന്ന് പുതുതായി രൂപീകരിച്ച 'Kerala Paper Products Limited' ന് ഒരു സ്പെഷ്യൽ ഓഫീസറെ തിരഞ്ഞെടുക്കുകയും 09.09.2021 ന് നിയമനം നൽകുകയും ചെയ്തു. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റിന്റെ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്രം തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റ് ഏറ്റെടുക്കുന്ന കാര്യം കേരളം പരിഗണിക്കുകയും G.O.(Ms)No: 52/2018/ID dated 20.07.2018 പ്രകാരം ബുക്ക് മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മൊത്ത ആസ്തി മൂല്യം ( Net Asset Value) 53.02 കോടി രൂപയായി കണക്കാക്കി സ്ഥാപനം ഏറ്റെടുക്കാൻ ഉത്തരവായി. ഇത് സംബന്ധിച്ച് പരസ്പര ചർച്ചയ്ക്ക് ശേഷം തയ്യാറാക്കിയ കരട് MoU കേന്ദ്ര കാബിനറ്റ് അംഗീകരിക്കുന്നതിനായി നൽകിയിട്ടും നാളിതുവരെ അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. അതിനിടെ പ്രസ്തുത സ്ഥാപനം നിലനില്ക്കുന്ന പാലക്കാട്ടെ ഭൂമിയുടെ വിലകൂടി Asset (ആസ്തി) ആയി കണക്കാക്കണം എന്ന നിലപാടാണ് കേന്ദ്ര തലത്തിൽ സ്വീകരിച്ചിരിക്കുന്നത്. കേരളം വ്യവസായ ആവശ്യത്തിനായി ഏറ്റെടുത്ത് സൗജന്യമായി നല്കിയ 123.12 ഏക്കർ ഭൂമിയുടെ വില കൂടി നൽകണമെന്ന കേന്ദ്ര ആവശ്യം ഇക്കാര്യത്തിലുള്ള പുരോഗതി മന്ദീഭവിപ്പിച്ചു. ഇത് സംബന്ധിച്ച് വിവിധ കത്തുകളിലൂടെ കേരളത്തിന്റെ സമീപനം ബോധ്യപ്പെടുത്തിയിരിക്കുകയാണ്. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്, പാലക്കാട് കേന്ദ്രസർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതാണ്. 2010 മേയ് മാസം മുതൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിന്റെ Rolling Stock Manufacturing Unit സ്ഥാപിക്കുന്നതിനായി 1000 ഏക്കർ ഭൂമി അനുവദിക്കണമെന്ന് കേന്ദ്രസർക്കാർ അഭ്യർത്ഥിച്ചതനുസരിച്ച് 374 ഏക്കർ ഭൂമി കുറഞ്ഞ നിരക്കിലുള്ള പാട്ടവ്യവസ്ഥയിൽ 'കിൻഫ്ര' മുഖാന്തിരം

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ഇതിൽ 170 ഏക്കർ ഭൂമി അതിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. ആഗോള ടെൻഡറുകൾ വഴി ധാരാളം ഓർഡറുകൾ ലഭിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് BEML. ദേശീയ സുരക്ഷ കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലാ യൂണിറ്റായി നിലനിർത്തേണ്ടതുണ്ട്. അത്തരമൊരു ലാഭമൊരുക്കലിന്റെയും തന്ത്രപരമായി പ്രധാനപ്പെട്ട കമ്പനി ഷെയറുകളുടെയും ഓഹരികൾ വിറ്റഴിക്കരുതെന്ന നിരന്തരമായ ആവശ്യങ്ങൾ വിവിധ തലങ്ങളിൽ ഉയർന്ന സാഹചര്യം കണക്കിലെടുത്ത് 2016 ഒക്ടോബറിൽ, ഈ ദിശയിലേക്കുള്ള മുൻനീക്കം മുന്നോട്ട് പോയിട്ടില്ല. എങ്കിലും 05.01.2021 ൽ ബഹു. പ്രധാനമന്ത്രിക്ക് മുകളിൽ പറഞ്ഞ വസ്തുതകളും സാഹചര്യങ്ങളും ഓർമ്മപ്പെടുത്തി ഈ പൊതുമേഖലാ സ്ഥാപനം സ്വകാര്യവത്ക്കരി- ക്കരുതെന്ന് ആവശ്യപ്പെട്ട് ബഹു.മുഖ്യമന്ത്രി കത്ത് അയച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ കൊച്ചി റിഫൈനറി സ്വകാര്യവല്ക്കരിക്കാനുള്ള നീക്കത്തിൽ നിന്ന് പിന്മാറണമെന്ന ബഹു. മുഖ്യമന്ത്രിയുടെ 17.10.2019, 18.03.2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹു.പ്രധാനമന്ത്രിയോടും ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചി റിഫൈനറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽ നിന്നും കേന്ദ്രസർക്കാർ അടിയന്തിരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ